നമ്പർ: 235/2017

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും സഹപട്ടക്കാരും ദേശത്തുപട്ടക്കാരും പള്ളികൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,
വിവര സാങ്കേതിക വിദ്യ അനുദിനം മുന്നേറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. ലോകത്തെവിടെയും സംഭവിക്കുന്നതായ വിവരങ്ങൾ തൽസമയം എല്ലാവർക്കും കാണുന്നതിനും കേൾക്കുന്നതിനുമൊക്കെയും സാധിക്കുന്നു എന്നുള്ളത് വലിയ കാര്യം തന്നെയാണ്. അതോടൊപ്പം തന്നെ പരിശുദ്ധ സഭയുടെ അന്തസ്സിനും പാരമ്പര്യത്തിനും യശസ്സിനും നിരക്കാത്ത ദൃശ്യങ്ങളും വാർത്തകളും സോഷ്യൽ മീഡിയാ അഥവാ സമൂഹ മാദ്ധ്യമങ്ങൾ വഴിയായി പ്രചരിപ്പിക്കപ്പെടുന്നു എന്നുള്ളതും നാം വിസ്മരിച്ചുകൂടാ. സമൂഹ മാധ്യമങ്ങൾ അത്തരത്തിൽ ദുരുപയോഗം ചെയ്യപ്പെടുന്നത് എത്രമാത്രം ഗുണകരമാണ് എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ വ്യക്തിഹത്യയ്ക്കോ പരിശുദ്ധ സഭയുടെ അന്തസ്സിന് കോട്ടം വരുത്തുന്നതിനോ പരിശുദ്ധ സഭാ മക്കൾ സോഷ്യൽ മീഡിയാ മുഖാന്തിരമാക്കരുത് എന്ന് നിങ്ങളെ നാം ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുന്നു. സമൂഹ മാധ്യമങ്ങളുടെ ഉപയോഗം എപ്പോഴും സഭയുടെയും സമൂഹത്തിന്റെയും നന്മയെ ലക്ഷ്യം വച്ചുകൊണ്ടുള്ളതായിരിക്കണം.

വീണ്ടും പ്രിയരെ, ഇടവകകളുമായി ബന്ധപ്പെട്ട സാമ്പത്തിക കാര്യങ്ങളിലും കൃത്യമായ അച്ചടക്കവും ശ്രദ്ധയും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. പ്രത്യേകിച്ച്, ഇടവകകളുമായി ബന്ധപ്പെട്ട് ബൃഹത്തായ പല പദ്ധതികളും ആഘോഷങ്ങളും നിർമ്മാണപ്രവർത്തനങ്ങളും ക്രമീകരിക്കപ്പെടുന്ന ഒരു കാലഘട്ടമാണല്ലോ ഇപ്പോഴത്തേത്. അവിടെയൊക്കെയും സാമ്പത്തിക സുതാര്യത പൂർണ്ണമായും പാലിക്കപ്പെടേണ്ടതുണ്ട്. ആയതിനാൽ ഇടവകളുമായി ബന്ധപ്പെട്ട എല്ലാ സാമ്പത്തിക ഇടപാടുകളും ഇടവക വികാരിയുടെയും കൈസ്ഥാനിയുടെയും അറിവോടെ മാത്രമേ നിർവ്വഹിക്കാവൂ എന്ന് നാം നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. മാത്രമല്ല, കൃത്യമായ ഓഡിറ്റിംഗിന് വിധേയമായി, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നികുതി വ്യവസ്ഥകൾ കൃത്യമായും പാലിച്ചുകൊണ്ട് ഇടവകകളുടെ ധനവിനിയോഗം നിർവ്വഹിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുവാനും ഇടവകയുടെ ഭരണച്ചുമതലക്കാർ പ്രത്യേകം ശ്രദ്ധിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2017 സെപ്റ്റംബർ മാസം 7 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.